# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1365** — **03.10.2016-ൽ മറുപടിക്ക്**

### ആക്രമണക്കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ആൻസലൻ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി.പി.ഐ (എം)-ന്റെ എത്ര ഓഫീസുകൾക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്കെതിരെയെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി.പി.ഐ.(എം) -ന്റെ 14 ഓഫീസുകൾക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് 102 പേർക്കെതിരെ 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 1 – ൽ ചേർത്തിട്ടുണ്ട് |
| (ബി) 2016-ലെ പൊതു തെരഞ്ഞെടുപ്പിന് ശേഷം ബി.ജെ.പി., ആർ.എസ്.എസ് പ്രവർത്തകരോ അനുഭാവികളോ എത്ര സി.പി.ഐ (എം) പ്രവർത്തകർക്ക് നേരെ ആക്രമണം നടത്തിയിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും പരിക്ക് പറ്റിയവർ എത്രയെന്നും എത്ര പേർക്കെതിരെ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ? | (ബി) 2016–ലെ പൊതു തെരഞ്ഞെടുപ്പിനുശേഷം 185 സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്, ഇതിൽ 3 പേർ മരണപ്പെട്ടിട്ടുണ്ട്, 178 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്, 919 പേർക്കെതിരെ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 2–ൽ ചേർത്തിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 1

| ക്രമ നം. | ജില്ല | ബി.ജെ.പി./ ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുള്ള സി.പി.ഐ. (എം) ഓഫീസുകളുടെ എണ്ണം | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 3 | **26** |
| 2 | കൊല്ലം | 2 | 2 | **17** |
| 3 | കണ്ണൂർ | 8 | 8 | **52** |
| 4 | കാസർഗോഡ് | 1 | 1 | **7** |
| **ആകെ** | | **14** | **14** | **102** |

# അനുബന്ധം 2

| ക്രമ നം. | ജില്ല | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ പ്രതികളായവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 37 |
| 2 | കൊല്ലം | 49 |
| 3 | ആലപ്പുഴ | 63 |
| 4 | കോട്ടയം | 50 |
| 5 | തൃശ്ശൂർ | 61 |
| 6 | പാലക്കാട് | 71 |
| 7 | മലപ്പുറം | 64 |
| 8 | കോഴിക്കോട് | 113 |
| 9 | കണ്ണൂർ | 185 |
| 10 | കാസർഗോഡ് | 226 |
| **ആകെ** | | **919** |

**സെക്ഷൻ ഓഫീസർ**